"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് - 2019 - 20 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.80/2022/ID തീയതി,തിരുവനന്തപുരം, 08-08-2022

---

പരാമർശം:-

1. 14.08.2020 ലെ സ.ഉ.(അച്ചടി) നം.67/2020/തൊഴിൽ നമ്പർ ഉത്തരവ്
2. മെറ്റൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടറുടെ 18.02.2021 ലെ എം. ഐ. എൽ/ബോണസ്/2020 - 21/ 467, 07.06.2021 ലെ എം. ഐ. എൽ/ബോണസ്/2020 - 21 /64, 14.01.2022 ലെ എം. ഐ. എൽ/ബോണസ്/2020 - 21 /776 എന്നീ നമ്പർ കത്തുകൾ

## ഉത്തരവ്

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് 2019-20-ലെ ബോണസ്/എക്സ്ഗ്രേഷ്യയായി 18300 രൂപ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിലെ ബോണസ് സംബന്ധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് 2019-20 സാമ്പത്തിക വർഷം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019-20-ലെ ബോണസ്/എക്സ്ഗ്രേഷ്യയായി 18300/- രൂപ വിതരണം ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി, ഭാവിയിൽ ബോണസ്/എക്സ്ഗ്രേഷ്യ മുതലായവ അനുവദിക്കേണ്ടത് ഇത് സംബന്ധിച്ച് അതാത് സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം എന്ന നിബന്ധനയോടെ സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മെറ്റിൻഡ് നഗർ, ഷൊർണ്ണൂർ
ഡയറക്ടർ ബോർഡ് അംഗങ്ങൾ (മാനേജിംഗ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് II), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (16/08/2021 ലെ ഇ 1825462/ പി യു ഡി2/70/2021/ധന പ്രകാരം)

തൊഴിൽ വകുപ്പ് (22/07/2021 ലെ ഡി1/141/2021/തൊഴിൽ)

പൊതുഭരണ(എസ് സി) വകുപ്പ് (03/08/2022-ലെ ഇനം നമ്പർ 963 പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Divya Y V
Date: 08-08-2022 15:35:02
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 03-08-2022**

ഫയൽ നം. ഐ.എൻ.ഡി.-ഡി2/23/2021/വ്യവ. ഇനം നം: 963

വിഷയം : വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് - 2019-2020 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : ഭാവിയിൽ ബോണസ്/എക്സ്ഗ്രേഷ്യ മുതലായവ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചായിരിക്കണം അനുവദിക്കേണ്ടത് എന്ന നിബന്ധനയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

3/8/22

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഐഎൻഡി-ഡി2/ 23/ 2021/ വ്യവ |
| 2 | വകുപ്പ് | : | വ്യവസായ (ഡി ) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്- 2019- 2020 സാമ്പത്തിക വർഷത്തെ ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/ 11/ 2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി എം എ റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ എ പി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 25 . 07 . 2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/7/22 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | ; | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

2019- 20 സാമ്പത്തിക വർഷത്തിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

Flag 'D'

2 14/8/2020-ലെ സ.ഉ(അച്ചടി)നം67/20/തൊഴിൽ പ്രകാരം 2019- 20 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബോണസ്/എക്സ്ഗ്രേഷ്യാ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. മുൻ വർഷം നൽകിയതു പോലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2019- 20 -ലെ ബോണസ് /എക്സ്ഗ്രേഷ്യയായി 18300 രൂപ (17800/- രൂപ ബോണസ്/എക്സ്ഗ്രേഷ്യ+500 /- രൂപ സ്പെഷ്യൽ എക്സ്ഗ്രേഷ്യ) വിതരണം ചെയ്തതായി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സ്ഗ്രേഷ്യ വിതരണം ചെയ്ത ഇനത്തിലുണ്ടായ സാമ്പത്തിക ബാദ്ധ്യത 703666 /- രൂപയാണ്.

m. 20 പേജ് (2-3)

3. 13/01/2021 തീയതിയിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിന്റെ 175- 09 റെസൊല്യൂഷൻ പ്രകാരം 2019- 20 ൽ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടി അംഗീകരിക്കുകയും സാധൂകരണത്തിനായി സർക്കാരിനെ സമീപിക്കുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

m. 20 പേജ് 3

4. ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

" If the bonus and other benefits are paid contrary to the guidelines in G.O.(P) No.67/20/LBR dated 14/8/2020, issued by this department, the department will not agree to the said action".

m.20 പേജ് 10

5. 14/8/2020-ലെ സ.ഉ(അച്ചടി)നം67/20/തൊഴിൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണോ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്തതെന്നുള്ള കാര്യത്തിൽ മാനേജിംഗ് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടു. 2019-20 സാമ്പത്തിക വർഷത്തെ ബോണസ് എക്സ്ഗ്രേഷ്യയായി നൽകിയ തുക 14/08/2020-ലെ സ.ഉ(അച്ചടി)നം. 67/20/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

m.20 പേജ് 14

6. 14/08/2020-ലെ സ.ഉ(അച്ചടി)നം. 67/20/തൊഴിൽ നമ്പർ ഉത്തരവിലെ ക്ലോസ് 14,5 പ്രകാരം നഷ്ടത്തിലായ ഒരു കമ്പനിയിൽ, 24000 രൂപയിൽ താഴെ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് നൽകുന്ന ബോണസ് 8.33% ആയി പരിമിതപ്പെടുത്തണം. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 17800/- രൂപ എക്സ്ഗ്രേഷ്യയായി നൽകിയതിന് പുറമെ 500 രൂപ സ്പെഷ്യൽ എക്സ്ഗ്രേഷ്യയായി 2019-20 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തതായും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Flag 'D'

7. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരായുകയും ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"According to Bonus Guidelines item No.16, Bonus by whatever nomenclature, such as ex-gratia, performance-linked incentive, incentive,festival gift, etc. should be limited to the indicated amount /category and if the bonus and other benefits are paid contrary to the guidelines in GO(P)No. 67/20/LBR dated 14/08/2020, issued by this department, the department will not agree with the action".

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"Administrative Department is informed that, Finance endorses the views of Labour and Skills Department."

9. തുടർന്ന് 14/08/2020-ലെ സ.ഉ(അച്ചടി)നം. 67/20/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ 8,9,10,14, 16 ഖണ്ഡികകളിൽ നിന്ന് വ്യതിചലിച്ച് 2019-20 വർഷത്തിൽ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടിയിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറോട് വിശദീകരണം തേടി. മാനേജിംഗ് ഡയറക്ടർ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 14/08/2020-ലെ സ.ഉ(അച്ചടി)നം. 67/20/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഖണ്ഡിക തിരിച്ചുള്ള മറുപടി ലഭ്യമാക്കുവാൻ മാനേജിംഗ് ഡയറക്ടറോട് വീണ്ടും ആവശ്യപ്പെട്ടു. അന്നത്തെ വ്യവസായ വകുപ്പ് മന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ ചേർന്ന യോഗതീരുമാനപ്രകാരമാണ് 2018-19 സാമ്പത്തിക വർഷം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ എല്ലാ സ്ഥിരം ജീവനക്കാർക്കും ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ 18300 രൂപ വീതം വിതരണം ചെയ്തതെന്നും കോവിഡ് -19 പാൻഡെമിക് കാരണം അനുരഞ്ജന യോഗങ്ങൾ നടക്കാത്തതിനാലും ബോർഡിന്റെ അനുമതി വാങ്ങി ഓണത്തിന് 15 ദിവസം മുൻപ് നിർദ്ദേശം സമർപ്പിക്കുവാൻ കഴിയാതിരുന്നതിനാലും 14/08/2020-ലെ സ.ഉ(അച്ചടി)നം. 67/20/തൊഴിൽ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും പൊതു സമവായവും അനുസരിച്ച് 2018-19 ൽ ബോണസ്/എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത തുക തന്നെ 2019-20 സാമ്പത്തിക വർഷവും ബോണസ്/എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തതായി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അതിനാൽ 2019-20 സാമ്പത്തിക വർഷം ബോണസ്/എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

10. 2021 - 22 സാമ്പത്തിക വർഷം കമ്പനി പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. എക്സ്ഗ്രേഷ്യാ തുക നേരത്തേനൽകി കഴിഞ്ഞതിനാലും ബോണസ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനമുള്ളതിനാലും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

16. തുടർന്ന് ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട കാര്യം

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 18300 രൂപ (പതിനെണ്ണായിരത്തി മുന്നൂറ് രൂപ മാത്രം) നിരക്കിൽ 2019- 20 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി തൊഴിലും നൈപുണ്യവും ധനകാര്യവും വകുപ്പുകളുടെ അഭിപ്രായത്തെ മറികടന്നു കൊണ്ട് സാധൂകരിക്കാമോ?

25/07/22

25/7/22

25/7/22

25/7/22

25/7/22

27/7/22

27/7/22